"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ജിസിഡിഎ- മറൈൻ ഡ്രൈവ് ഗ്രൗണ്ട് സൗന്ദര്യവൽക്കരണ പ്രവർത്തിക്കായി സർക്കാർ അനുവദിച്ചിട്ടുള്ള തുക റ്റി.പി.എ അക്കൗണ്ടിൽ വരവ് വയ്ക്കുന്നതിനായി - നഗരകാര്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ.) വകുപ്പ്**

സ.ഉ. (സാധാ) നം. 732/2019/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 28/03/2019

---

പരാമർശം:- 1 28/03/2018 തീയതിയിലെ സ.ഉ.(സാധാ) നം.883/2018/തസ്വഭവ.

2 30.10.2018 ലെ സ.ഉ.(സാധാ) നം. 2773/2018/തസ്വഭവ.

3 ജിസിഡിഎ സെക്രട്ടറിയുടെ 26.03.2019-ലെ 6746/എഫ്.ബി1/2007/ജിസിഡിഎ നമ്പർ കത്ത്.

4 നഗരകാര്യ ഡയറക്ടറുടെ 27.03.2019-ലെ ഡി.സി2 - 6454/2019 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയ മറൈൻ ഡ്രൈവ് ഗ്രൗണ്ട് സൗന്ദര്യവൽക്കരണ പ്രവർത്തിക്കായി നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് 2018-19 സാമ്പത്തിക വർഷം യഥാർത്ഥത്തിൽ ചെലവഴിയ്ക്കാൻ സാധിയ്ക്കുന്ന 15,99,000 രൂപ (പതിനഞ്ചു ലക്ഷത്തി തൊണ്ണൂറ്റി ഒമ്പതിനായിരം രൂപ മാത്രം) '2217-05-191-35-00-35-00-P.V' എന്ന കണക്കു ശീർഷകത്തിൽ പരാമർശം (2) പ്രകാരം അനുവദിച്ചുത്തരവായിരുന്നു.

2. ജിസിഡിഎയുടെ റ്റി.പി.എ അക്കൗണ്ടിൽ പ്രസ്തുത തുക വരവ് വയ്ക്കുന്നതിന് '2217-05-191-35-00-35-00-P.V' എന്ന കണക്കു ശീർഷകത്തിന്റെ കൺട്രോളിംഗ് ഓഫീസറായിട്ടുള്ള നഗരകാര്യവകുപ്പ് ഡയറക്ടറെ പരാമർശം (2) സർക്കാർ ഉത്തരവിൽ ചുമതലപ്പെടുത്തിയിട്ടില്ലാത്തതിനാൽ ടി തുക അനുവദിക്കുന്നതിന് ആവശ്യമായ ഉത്തരവ് ഉണ്ടാകണമെന്ന് നഗരകാര്യഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2)-ലെ സർക്കാർ ഉത്തരവ് പ്രകാരം ജിസിഡിഎക്ക് അനുവദിച്ചിട്ടുള്ള 15,99,000രൂപ (പതിനഞ്ചു ലക്ഷത്തി തൊണ്ണൂറ്റി ഒമ്പതിനായിരം രൂപ മാത്രം) എറണാകുളം അഡീഷണൽ സബ്ട്രഷറിയിലുള്ള ജിസിഡിഎയുടെ

റ്റി.പി.എ അക്കൗണ്ട് നം.71110020000045-ൽ വരവ് വയ്ക്കുന്നതിന് നഗരകാര്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു.

4. മേൽ ഭേദഗതികളോടെ പരാമർശം (2) ലെ ഉത്തരവ് നിലനിൽക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സി എസ് ശ്രീകല**

ഗവ. ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്

സെക്രട്ടറി, ജിസിഡിഎ

നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ)/ (ഇ &ആർ.എസ്.എ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ